(സി) 2014 വർഷം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട എസ് റ്റി. പ്രൊമോട്ടർമാർക്ക് വിവിധ ജില്ലകളിൽ 23 സ്ഥലങ്ങളിലായി പരിശീലന പരിപാടികൾ സംഘടിപ്പിച്ച് ആരോഗ്യമേഖല ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രചാരത്തിലുള്ള മാധ്യമങ്ങളിൽ പരസ്യം നൽകി ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവരെ ഓരോ ജില്ലകളിലും പ്രത്യേകമായി ഇന്റർവ്യൂ നടത്തുകയും അതിൽ നിന്നും യോഗ്യതയുടെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിലാണ് പ്രൊമോട്ടർമാരെ നിയമിക്കുന്നത്.

പ്രാക്തന ഗോത്ര വർഗ്ഗ പദ്ധതി

291 (2529) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തന ഗോത്ര വർഗ്ഗ പദ്ധതിയിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി കിണർ നിർമ്മിച്ച് വെള്ളം സംഭരിച്ച് പ്രകൃതിദത്ത ഉറവിടത്തിൽ നിന്നും വെള്ളം വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയത് ഏതെല്ലാം ഊരിലാണ്; ഓരോ സ്ഥലത്തും എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കാമോ ;

(സി) പ്രാക്തന ഗോത്ര പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ മാത്രം എത്ര രൂപ ചെലവഴിച്ചു ; ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ ഏതെല്ലാം ഊരുകളിൽ എത്ര വീടുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടു ; അതിൽ പൂർത്തീകരിച്ചത് എത്ര ; പൂർത്തീകരിക്കാത്തത് എത്ര ; വിശദാംശം നല്കുമോ ;

(ഡി) അട്ടപ്പാടിയിൽ മറ്റെന്തെല്ലാം കാര്യങ്ങൾക്കാണ് പദ്ധതിയുടെ ഫണ്ട് ചെലവഴിച്ചത് ; ഓരോന്നിനും എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) പ്രാക്തന ഗോത്രവർഗ്ഗ പദ്ധതിയിൽ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പ്രത്യേക അവാർഡ് ഇനത്തിൽ ലഭിച്ച 148 കോടി രൂപ ഉൾപ്പെടെ ഇതുവരെ 1,17,89,39,001 രൂപ ചെലവഴിച്ചു.

(ബി) പി.വി.റ്റി.ജി. പദ്ധതി പ്രകാരം കിണർ നിർമ്മിച്ച് വെള്ളം സംഭരിച്ച് വിതരണം ചെയ്യുന്ന പദ്ധതി താഴെ പറയുന്ന ഊരുകളിൽ (കോളനി) നടപ്പാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. ആണ്ടൂർ
2. ചിനിക്കമൂല
3. ഞമലത്ത്
4. ചുണ്ടക്കുഴി
5. പാടിക്കൊല്ലി
6. രാമഗിരി
7. യുക്കാലിക്കവല
8. വെള്ളിത്തോട്
9. മാക്കുറ്റി
10. ചുരക്കുനി
11. കൊന്നമ്പറ്റ
12. പാടൃമ്പം
13. കടമ്പക്കാട്ട്
14. കുഴിമൂല
15. ചുണ്ടപ്പാടി
16. കാക്കമല
17. രാസള്ളി
18. ചിലമൂല
19. മാലക്കാപ്പ്
20. മാറോട്
21. മുകര
22. ചെട്ട്യാലത്തൂർ
23. പിലാക്കാവ്
24. പൂവള്ളി

മേൽ വിവരിച്ച കോളനികളിൽ കിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ കം വാല്യുവേഷൻ സർട്ടിഫിക്കറ്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പണി പൂർത്തീകരിച്ചതിന്റെ ഇക അനുവദിച്ചിട്ടില്ല.

(സി) പ്രാക്തന ഗോത്ര പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ മാത്രം ഇതുവരെ 6,00,89,271 രൂപ ചെലവഴിച്ചു. താഴെപ്പറയുന്ന 14 ഊരുകളിൽ 97 വീടുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടു. 97 വീടുകളുടെയും പണി പുരോഗമിക്കുന്നു.

1. ഗവസി
2. ഇടുക്കി
3. കടുകമണ്ണ്
4. ആനവായ്
5. തടിക്കുണ്ട്
6. കിണറ്റുകര
7. ഭൂതയാർ
8. പഴയൂർ
9. ഇടവാണി
10. മേലെമൂലക്കൊമ്പ്
11. പാലൂർ
12. ഗൊട്ടിയാർക്കണ്ടി
13. കുറുക്കത്തിക്കല്ല്
14. പാലപ്പട

(ഡി) ഭവന നിർമ്മാണം ഉൾപ്പെടെ ഭക്ഷ്യ സഹായ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റ്, പ്രത്യേക അംഗൻവാടി, ഹെൽത്ത് പ്രൊമോട്ടർമാർ, റോഡ് നിർമ്മാണം എന്നീ പദ്ധതികൾക്കാണ് ഫണ്ട് ചെലവഴിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

പദ്ധതി	ചെലവഴിച്ച തുക
ഭവന നിർമ്മാണം	1,37,12,500
മൊബൈൽ മെഡിക്കൽ യൂണിറ്റ്	17,50,000
ഭക്ഷ്യ സഹായ പദ്ധതി	1,34,67,284
പ്രത്യേക അംഗൻവാടി	1,31,347
ഹെൽത്ത് പ്രൊമോട്ടർമാർ	10,28,140
റോഡ് നിർമ്മാണം	3,00,00,000
ആകെ	6,00,89,271

LIBRARY ARCHIVES Kerala Legislative Assembly